**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 177** **29-07-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിക്ഷേപം ആകർഷിക്കുന്നതിൽ വ്യവസായ പാർക്കുകളുടെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് കൂടുതൽ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിലവിലുള്ള വ്യവസായ പാർക്കുകളുടെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് വയനാട് ഒഴികെ മറ്റു ജില്ലകളിലായി ആകെ 40 വ്യവസായ വികസന പാർക്കുകൾ നിലവിലുണ്ട്. പ്രസ്തുത വ്യവസായ വികസന പാർക്കുകളിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീന തയിലുള്ള പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് 25 വ്യവസായ പാർക്കുകൾ നിലവിലുണ്ട്. ടി പാർക്കുകളിൽ അടിസ്ഥാന സൗകര്യ ങ്ങൾ ഒരുക്കി 22എണ്ണത്തിൽ 90% അലോട്ട്മെന്റ് പൂർത്തികരിക്കുകയും 3 എണ്ണത്തിൽ അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. വ്യവസായ വകുപ്പിലെ മറ്റൊരു പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ 7 വ്യവസായ പാർക്കുകളും നിലവിലുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ഉടമസ്ഥത യിൽ തിരുവനന്തപുരത്ത് ഒരു ലൈഫ് സയൻസ് പാർക്കും പാലക്കാട് ജില്ലയിൽ ഒരു ലൈറ്റ് എഞ്ചിനിയറിങ് പാർക്കും ചേർത്തലയിൽ ഒരു മെഗാ ഫുഡ് പാർക്കും നിലവിലുണ്ട്. |
| (സി) | നിക്ഷേപകരെ ആകർഷിക്കാൻ ഇത്തരം പാർക്കുകളിൽ പുതുതായി എന്തൊക്കെ | (സി) | നിക്ഷേപകരെ ആകർഷിക്കുന്നതിനായി സർക്കാർ ഈസ് ഓഫ് ഡൂയിങ് ബിസിനസ് നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി വ്യവസായങ്ങൾ |

| | | | |
|---|---|---|---|
| | സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | ആരംഭിക്കുന്നതിന് ആവശ്യമായ അനുബന്ധ ലൈസൻസുകൾ ലഘൂകരിക്കുകയും ഓൺലൈൻ സംവിധാനം വഴി സമയബന്ധിതമായി ഇവ ലഭിക്കുന്നതിനുള്ള പോർട്ടൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനം കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സമയബന്ധിതമായി അനുബന്ധ അനുമതികൾ ലഭ്യമാക്കുന്ന തിനായി K-SWIFT എന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമാക്കി എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്ട്-2019 നടപ്പാക്കിയതിലൂടെ 10 കോടി രൂപയിൽ താഴെയുള്ള നിക്ഷേപക ർക്ക് സംരംഭങ്ങൾ തുടങ്ങാനായി ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുകയും സെൽഫ് ഡിക്ലറേഷൻ സംവിധാനം വഴി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഇങ്ങനെ തുടങ്ങുന്ന വ്യവസായങ്ങൾക്ക് അനുബന്ധ അനുമതികൾ 3 വർഷം കഴിഞ്ഞ് ആറു മാസത്തിനുള്ളിൽ നേടിയെടുത്താൽ മതിയാകും. കിൻഫ്രയുടെ ഭരണ നിയന്ത്രണത്തിലുള്ള പാർക്കുകളിലെ സംരംഭകർക്ക് അപേക്ഷിച്ച് 24 മണിക്കൂറിനുള്ളിൽ KINESCO Power Utilities Private Limited എന്ന അനുബന്ധ സ്ഥാപനം വഴി വൈദ്യുതി കണക്ഷൻ നൽകിവരുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനു പുറമേ വ്യവസായ പാർക്കുകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, പവർ ഫീഡർ എന്നിങ്ങനെ പുതിയ സൗകര്യങ്ങൾ ഒരുക്കി നിക്ഷേപകരെ ആകർഷിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ നിക്ഷേപകരെ ആകർഷിക്കുന്നതിനു വേണ്ടി വ്യക്തികളുടെ ഉടമസ്ഥതയിലുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതിയും നിലവിലുണ്ട്. കൂടുതൽ നിക്ഷേപകരെ സംരംഭ രംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനായി വ്യവസായ വകുപ്പിന്റെ കീഴിൽ ഒരു ഏകീകൃത ലാൻഡ് അലോട്ട്മെന്റ് പോളിസിയും രൂപീകരിക്കുന്നുണ്ട്. കൂടാതെ മൊത്തത്തിൽ സംരംഭകർക്ക് സംസ്ഥാന സർക്കാർ നൽകി വരുന്ന ഇളവുകളും ആനുകൂല്യങ്ങളും പാർക്കുകളിലെ സംരംഭകർക്കും നൽകിവരുന്നു. |
| (ഡി) | സംസ്ഥാനത്ത് പെട്രോ കെമിക്കൽ പാർക്കിന്റെ പ്രവർത്തനത്തിന് പ്രാരംഭം കുറിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | സംസ്ഥാനത്ത് വ്യവസായ വകുപ്പിലെ പ്രധാന പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര നടപ്പിലാക്കി വരുന്ന മറ്റൊരു പ്രധാന പദ്ധതിയാണ് പെട്രോ കെമിക്കൽ പാർക്ക്. ഇതിനായി കൊച്ചിയിലെ ഫാക്ടിൽ നിന്നും 481 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് |

| | | | |
|---|---|---|---|
| | | | കൈമാറി കിട്ടി. ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ